# ജി.വി.എച്ച്.എസ്.എസ് മാനന്തവാടി

## അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 2026



# ഉള്ളടക്കം


| | | |
|---|---|---|
| 1 | വിദ്യാലയ ചരിത്രം | 3 |
| 2 | വിദ്യാലയത്തിന്റെ നേട്ടങ്ങൾ | 4 |
| 3 | വിദ്യാർത്ഥി വിവരങ്ങൾ | 7 |
| 4 | വിദ്യാലയ ലക്ഷ്യങ്ങൾ | 8 |
| 5 | വിഷയാനുസൃതമായ അക്കാദമിക് മാസ്റ്റർ പ്ലാൻ | 10 |
| 6 | ഉപസംഹാരം | 51 |

# വിദ്യാലയ ചരിത്രം

മാനന്തവാടി – കബനിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ഈ സരസ്വതീക്ഷേത്രം ഇന്ന് 75 വർഷം പിന്നിടുകയാണ്. ഇത്തിരി വലിയ ഒരു വിദ്യാലയത്തെ ഈ അഴകുള്ള വനപർവതങ്ങളുടെ ഇടയിൽ സ്ഥാപിച്ച മഹാമനസ്സുകൾക്ക് പ്രണാമം അർപ്പിക്കാതെ പോകാൻ കഴിയില്ല. ഇന്നും പലതലങ്ങളിലും പിന്നോക്കാവസ്ഥ നേരിട്ടുകൊണ്ടിരിക്കുന്ന വയനാട്ടിൽ 75 വർഷം മുമ്പ് ഒരു സ്കൂൾ സ്ഥാപിക്കപ്പെട്ടത് അത്ഭുതകരമായ ചരിത്രസത്യമാണ്.

1950-ലാണ് മാനന്തവാടി ഹൈസ്കൂളെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുന്നത്. മനോഹരമായ പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ട മലബാറിന്റെ ഭാഗമായിരുന്ന മാനന്തവാടിയിൽ, ആളുകൾ പ്രകൃതിയോട് ചേർന്ന് ജീവിച്ചിരുന്നതായും, വിദ്യാഭ്യാസം സാധാരണക്കാർക്ക് ദൂരത്തിൽ അകലെയായിരുന്നതായും കാലചരിത്രം പറയുന്നു. എന്നാൽ അമ്പതുകളിലെ മനസ്സുതുറന്ന ചില വ്യക്തികൾ ഇതിനൊരു മാറ്റം കൊണ്ടുവന്നു.

1869-കളിൽ തന്നെ പൈങ്ങാട്ടിരി ഗ്രാമത്തിൽ നിന്നുള്ള ചിലർ തലശ്ശേരി, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ പോയി ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയിരുന്നതായി ചരിത്രക്കുറിപ്പുകൾ വ്യക്തമാക്കുന്നു. വയനാട്ടിലെ ആദ്യത്തെ മെട്രിക്കുലേഷൻ വിദ്യാർത്ഥികൾ എന്ന് അവരെക്കുറിച്ച് പറയപ്പെടുന്നു.

1944-ൽ കല്പറ്റയിൽ ശ്രീ. എ.കെ. ജിനചന്ദ്രൻ എം.ജെ. അവർക്കു കീഴിൽ ഒരു സ്വകാര്യ ഹൈസ്കൂൾ സ്ഥാപിതമായത്, മാനന്തവാടിയിലെ നല്ല മനസ്സുകളെ ഉണർത്തുകയും സ്വാധീനിക്കുകയും ചെയ്തു. അതോടെ മാനന്തവാടിയിലും ഒരു ഹൈസ്കൂൾ സ്ഥാപിക്കണമെന്ന ആഗ്രഹം ശക്തമായി.

അന്ന് നിലവിലുണ്ടായിരുന്നത് ലോവർ എലിമെന്ററി സ്കൂളായിരുന്നു — ഇന്ന് അത് മാനന്തവാടി ജി.യു.പി. സ്കൂളാണ്. പ്രൈമറി വിദ്യാഭ്യാസം ലഭിച്ചെങ്കിലും, ഉന്നത വിദ്യാഭ്യാസം ലഭിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ഗുണഭോക്താക്കളുടെ ഒരു ചെറിയ വിഭാഗം മാത്രമാണ് തലശ്ശേരിയിലോ കോഴിക്കോട്ടോ പോയി പഠനം തുടരാൻ കഴിയുന്നത്. അതുകൊണ്ട് തന്നെ, മിക്ക കുട്ടികൾക്കും പഠനം□□□തന്നെ അവസാനിപ്പിക്കേണ്ടിവന്നു.

ഇതു മനസ്സിലാക്കിയ ഒരു കൂട്ടം മാതാപിതാക്കൾ, സാമൂഹിക പ്രവർത്തകർ ചേർന്ന്, 1950-ൽ സിനിമാകൊട്ടകയെപ്പോലുള്ള ഒരു ഷെഡ്ഡ് നിർമ്മിച്ച്, ഇപ്പോഴത്തെ ജി.യു.പി. സ്കൂളിന് സമീപം ഹൈസ്കൂൾ ക്ലാസുകൾ ആരംഭിച്ചു.

1950 ജൂൺ 12-നാണ് വടക്കേ വയനാട്ടിലെ ആദ്യത്തെ ഹൈസ്കൂളായ മാനന്തവാടി ഹയർ എലിമെന്ററി സ്കൂൾ ഔപചാരികമായി സ്ഥാപിതമായത്.

വിദ്യാലയം ആരംഭിച്ച് 65 വർഷം പിന്നിട്ടപ്പോൾ 25000-ൽ അധികം വ്യക്തികൾക്ക് അക്ഷരജ്ഞാനം പകർന്നു നൽകാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു. ഇവരിൽ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രഭാവമുള്ളവരായി വളർന്നവരേറെയുണ്ട്. ഇവരിലൂടെ മാനന്തവാടി എന്ന പ്രദേശം സാമൂഹികപരമായും സാമ്പത്തികപരമായും വളർച്ചയുടെ പാതയിൽ പ്രവേശിച്ചു.

ഇന്ന് ഈ വിദ്യാലയം ആദിവാസി വിദ്യാർത്ഥികൾക്കായി ഒരു അഭയകേന്ദ്രമായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ, ഈ മേഖലയുടെ പുരോഗതിക്കും സാമൂഹിക ഉന്നമനത്തിനും ഈ സ്ഥാപനത്തിന് വലിയ പങ്ക് ഉണ്ട്.

400 മീറ്റർ ട്രാക്ക് ഉള്ള ജില്ലയിലെ ഏക വിദ്യാലയമെന്ന ഗൗരവത്തോടെ, ഈ സ്കൂൾ ദേശീയ–അന്തർദേശീയ തലങ്ങളിൽ നിരവധി കായികതാരങ്ങളെ സമർപ്പിച്ചിട്ടുണ്ട്. വയനാടിന്റെ സാംസ്കാരിക രംഗത്തെ നായകന്മാരിൽ പലരും ഈ സ്ഥാപനം വിട്ട് പുറത്തേക്ക് പോയവരാണ്. ഈ വിദ്യാലയത്തിന്റെ മുഖമുദ്ര വിദ്യാർത്ഥികളുടെ സമഗ്രവും സന്തുലിതവുമായ വ്യക്തിത്വവികസനമാണ്.

# വിദ്യാലയത്തിന്റെ നേട്ടങ്ങൾ

**2025 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷയിൽ ജി.വി.എച്ച്.എസ്.എസ്. മാനന്തവാടി 100 ശതമാനം വിജയം കൈവരിച്ചു — വിദ്യാഭ്യാസമേഖലയിലെ ഉയർന്ന നിലവാരത്തിന്റെയും സ്ഥാപനത്തിന്റെ പ്രൗഢിയുടെയും തെളിവായ അഭിമാനകരമായ ചരിത്രനേട്ടം.**

## 1. സ്കൂൾ കലോത്സവം

കലോത്സവ വേദികളിൽ എന്നത്തെയും പോലെ 2024--25 അക്കാദമിക വർഷത്തിലും ജി.വി.എച്ച്.എസ്.എസ്. മാനന്തവാടി നിറഞ്ഞ സാന്നിധ്യമായി മികച്ച നേട്ടങ്ങൾ കൈവരിച്ചു.

1. സെന്റ് കാതറിൻസിൽ (പയ്യമ്പള്ളി) നടന്ന സബ്ജില്ല കലോത്സവത്തിൽ **45 ഇനങ്ങളിലായി റണ്ണേഴ്സ് അപ്പ്** ആയി.
2. നടവയലിൽ വെച്ച് നടന്ന **ജില്ല കലോത്സവത്തിൽ മികച്ച നേട്ടങ്ങൾ** കൈവരിച്ചു.
3. നാടകം, ഗ്രൂപ്പ് ഡാൻസ്, ഓയിൽ പെയിന്റിംഗ് തുടങ്ങിയ ഇനങ്ങളിൽ **സംസ്ഥാനതല മത്സരത്തിൽ** പങ്കെടുത്തു.
4. സംസ്ഥാനതലത്തിൽ മികച്ച ഗ്രേഡുകൾ കരസ്ഥമാക്കി.
5. പൊതു വിദ്യാലയങ്ങളിൽ സംസ്ഥാനതലത്തിൽ **ഒന്നാമതായിത്തന്നെ ജി.വി.എച്ച്.എസ്.എസ്. മാനന്തവാടി** നിലകൊള്ളുന്നു.

## 2. കായികം

1. സംസ്ഥാന സ്കൂൾ കായികമേളയിൽ **വയനാട് ജില്ലയിൽ നിന്നുള്ള വിദ്യാലയങ്ങളിൽ ഒന്നാമത്** ജി.വി.എച്ച്.എസ്.എസ്. മാനന്തവാടി.
2. **സംസ്ഥാന തലത്തിൽ:** 4 സ്വർണം, 7 വെള്ളി, 5 വെങ്കലം.
3. **ദേശീയ സ്കൂൾ മത്സരത്തിൽ:** 5 കായിക താരങ്ങൾ പങ്കെടുത്തു.
4. **സംസ്ഥാന സ്കൂൾ കായികമേളയിൽ:** 73 വിദ്യാർത്ഥികൾ സ്കൂളിനെ പ്രതിനിധീകരിച്ചു.

## 3. സാമൂഹ്യശാസ്ത്രം

1. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ഗാന്ധിജയന്തി, കേരളപ്പിറവി, മനുഷ്യാവകാശ ദിനം തുടങ്ങിയ വിവിധ ദിനാചരണങ്ങൾ നടത്തി.
2. സ്കൂൾ സാമൂഹ്യശാസ്ത്രമേള വിവിധ കളക്ഷനുകൾ, മോഡലുകൾ, അറ്റ്ലസുകൾ, പ്രാദേശിക ചരിത്രം എന്നിവ പ്രദർശിപ്പിച്ചുകൊണ്ട് നടത്തി.
3. 'വോട്ട് അവകാശം' എന്ന ആശയം കുട്ടികളിലേക്കെത്തിച്ച് സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് വിജയകരമായി നടത്തി.

4. സബ്ജില്ല, ജില്ല, സംസ്ഥാന തലങ്ങളിലെ സാമൂഹ്യശാസ്ത്രമേളയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് സമ്മാനനേട്ടം കൈവരിച്ചു.
5. ജില്ലാതല സാമൂഹ്യശാസ്ത്രമേളയിൽ **രണ്ടാം സ്ഥാനം** നേടി.
6. സംസ്ഥാനതല മേളയിലെ **അറ്റ്ലസ് നിർമ്മാണ മത്സരത്തിൽ നാലാം സ്ഥാനം** നേടി.

## 4. ശാസ്ത്രം

2024--25 അധ്യയന വർഷത്തിൽ ശാസ്ത്രരംഗത്ത് മികവാർന്ന നിരവധി പ്രവർത്തനങ്ങൾ നടന്നു. പ്രധാനമായും താഴെപ്പറയുന്ന നേട്ടങ്ങൾ വിദ്യാലയം കൈവരിച്ചു:

1. **ശാസ്ത്ര നാടകത്തിൽ സംസ്ഥാനതലത്തിൽ A Grade നേടിയതു** വർഷത്തിലെ മികച്ച നേട്ടമായി കരുതപ്പെടുന്നു.
2. **YIP Inspire Award** പോലുള്ള ശാസ്ത്രീയ മത്സരങ്ങളിലും വിജയിക്കാനായി സ്കൂൾ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു.
3. YIP Inspire Award ജില്ലാതല മത്സരത്തിനായി **മൂന്ന് ടീമുകൾ** □□□□□ മാനന്തവാടിയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടു — **മാനന്തവാടി ഉപജില്ലയിൽ ഏറ്റവും കൂടുതൽ ടീമുകൾ തിരഞ്ഞെടുക്കപ്പെട്ട സ്കൂളായി** □□□□□ മാറി.
4. **വിഘ്നേഷ്, മുഹമ്മദ് നിഷാൻ** എന്നിവർക്കാണ് Inspire Award ലഭിച്ചത്.

## V. എൻ.എം.എം.എസ്. □ യു.എസ്.എസ്. പരീക്ഷാ നേട്ടങ്ങൾ

**എൻ.എം.എം.എസ്. (നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്)** പരീക്ഷയ്ക്ക് 2024–25 അധ്യയന വർഷത്തിൽ വിദ്യാലയത്തിൽ നിന്ന് **28** വിദ്യാർത്ഥികൾ പങ്കെടുത്തു. അതിൽ **2** വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അർഹത ലഭിക്കുകയും **23** പേർ പ്രാഥമിക റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തു.
സ്കോളർഷിപ്പിന് അർഹത നേടിയവരാണ്:

□ മുഹമ്മദ് റൈഹാൻ (ക്ലാസ് VIII □)

□ ദിൽന ഷാജി (ക്ലാസ് VIII □)

**യു.എസ്.എസ്. (അപ്പർ സെക്കൻഡറി സ്കോളർഷിപ്പ്)** പരീക്ഷയിൽ വിദ്യാലയം മികച്ച നേട്ടം കൈവരിച്ചു. വിജയിച്ച വിദ്യാർത്ഥികൾ:

□ റാനിഷ് റയാൻ

□ മുഹമ്മദ് നാഫിഹ് പി

## 6. വായനയും സാഹിത്യ പ്രവർത്തനങ്ങളും

വിദ്യാരംഗം കലാസാഹിത്യവേദിയും ലൈബ്രറി കൗൺസിലുമായി ചേർന്ന് 2024--25 അധ്യയന വർഷത്തിൽ വായനയും സാഹിത്യപരവും ആയ പ്രവർത്തനങ്ങൾ ഗൗരവത്തോടെ നടന്നു. പ്രധാനമായും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടപ്പാക്കി:

1. പുസ്തക വായന, ആസ്വാദനക്കുറിപ്പ്, കഥാരചന, അഭിനയം, കവിത ആലാപനം, നാടൻപാട്ട് തുടങ്ങിയ മേഖലകളിൽ ശില്പശാലകൾ നടത്തി.
2. വായന ദിനത്തോടനുബന്ധിച്ച് പി. എൻ. പണിക്കർ വായനാദിന ക്വിസ്സിൽ **സംസ്ഥാനതലത്തിൽ** വയനാട് ജില്ലയെ പ്രതിനിധീകരിച്ച് **റെയ്ഹാൻ** പങ്കെടുത്തു.

## 7. ഗണിതം

2024--25 അധ്യയന വർഷത്തിൽ ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ഗണിതശാസ്ത്രത്തിലേക്കുള്ള വിദ്യാർത്ഥികളുടെ താത്പര്യം ഉയർത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

1. സ്കൂൾതലത്തിൽ ഗണിതശാസ്ത്രമേള, ഗണിത പൂക്കള മത്സരം, ഗണിത ക്വിസ്, രാമാനുജൻ പേപ്പർ പ്രസന്റേഷൻ തുടങ്ങിയ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും, വിദ്യാർത്ഥികൾ വ്യാപകമായി പങ്കാളികളാകുകയും ചെയ്തു.
2. സബ്ജില്ല ശാസ്ത്രമേള, ജില്ലാ ഗണിതശാസ്ത്രമേള, സംസ്ഥാന ഗണിതശാസ്ത്രമേള എന്നിവയിൽ വിദ്യാലയം മികച്ച നേട്ടങ്ങൾ കൈവരിച്ചു.
3. ഏഴു വിദ്യാർത്ഥികൾക്ക് മികച്ച ഗ്രേഡുകൾ ലഭിച്ചു.
4. **അവന്തിക**, **അഹല്യ ലക്ഷ്മി** എന്നിവരടങ്ങിയ ഗ്രൂപ്പ് തയ്യാറാക്കിയ പ്രോജക്ട് **സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം** നേടി.

## 8. ഭൂമിക ക്ലബ്ബ്

സ്കൂളിലെ പട്ടികവർഗ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന **ഭൂമിക ക്ലബ്ബ്** 2024--25 അധ്യയന വർഷത്തിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവെച്ചു. വിവിധ പരിപാടികളിലെയും മത്സരങ്ങളിലെയും മികച്ച പങ്കാളിത്തത്തിലൂടെ ക്ലബ്ബ് വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയും സാമൂഹികബോധവുമുയർത്തുവാൻ സഹായകമായി.

- സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ‘പണിയ നൃത്തം’ ഇനത്തിൽ സ്കൂൾ **സബ്ജില്ല തലത്തിൽ ഒന്നാം സ്ഥാനം** നേടി, തുടർന്ന് **ജില്ലാതല മത്സരത്തിൽ** പങ്കെടുത്തു.
- **സംസ്ഥാന ബാലാവകാശ കമ്മീഷൻ** സംഘടിപ്പിച്ച ബാലസംഗമത്തിൽ ക്ലബ്ബിലെ **5 അംഗങ്ങൾ വയനാട് ജില്ലയെ പ്രതിനിധീകരിച്ച്** പങ്കെടുത്തു.



# വിദ്യാർത്ഥി വിവരങ്ങൾ

| കുട്ടികളുടെ എണ്ണം | | | |
|---|---|---|---|
| ക്ലാസ് | ആൺ | പെൺ | ആകെ |
| VI | 14 | 28 | 42 |
| VII | 19 | 19 | 38 |
| VIII | 151 | 143 | 294 |
| IX | 173 | 129 | 302 |
| X | 189 | 186 | 375 |



# വിദ്യാലയ ലക്ഷ്യങ്ങൾ

1. മുഴുവൻ വിദ്യാർഥികൾക്കും പ്രാപ്യമായ രീതിയിലുള്ള പഠന പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
2. ഗോത്ര വിഭാഗത്തിലെ മുഴുവൻ വിദ്യാർഥികളെയും സ്കൂളിൽ എത്തിക്കുകയും നിലനിർത്തുകയും ചെയ്യുക.
3. പരിപൂർണ്ണ സുരക്ഷയും സംരക്ഷണവും ലഭിക്കുന്ന, നിർഭയമായി ഇടപെടാനുള്ള ശിശുസൗഹൃദ അന്തരീക്ഷം വിദ്യാലയത്തിൽ ലഭ്യമാണെന്ന് ഉറപ്പുവരുത്തുക.
4. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
5. മുഴുവൻ കുട്ടികളുടെയും ഭവന സന്ദർശനം നടത്തുകയും ക്ലാസ് അധ്യാപകർ കുട്ടികളുടെ പ്രൊഫൈൽ തയ്യാറാക്കുകയും ചെയ്യുക.
6. അതത് ക്ലാസുകളിൽ നേടേണ്ട ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
7. പഠന വിടവ് കണ്ടെത്തി പരിഹരിക്കുകയും കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക.
8. പഠനം ആയാസരഹിതവും ആഹ്ലാദകരവും ആക്കി മാറ്റാൻ □□□ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
9. വിദ്യാർത്ഥികളോടൊപ്പം രക്ഷിതാക്കളെയും വിദ്യാലയവുമായി ഇടപഴകി പ്രവർത്തിക്കുവാൻ പ്രാപ്തരാക്കുക.
10. ജീവിതനൈപുണ്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
11. കലാമത്സരങ്ങൾക്ക് പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുകയും മികച്ച വിജയം നേടുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക.
12. കായിക പ്രതിഭകളെ വാർത്തെടുക്കുക.
13. ശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവർത്തനപരിചയ വേളകളിൽ സ്കൂളിനെ സംസ്ഥാനതലത്തിൽ മികച്ച വിദ്യാലയമാക്കി മാറ്റുക.
14. കുട്ടിയുടെ പഠന താൽപര്യത്തെയും വ്യക്തിത്വവികാസത്തെയും ശക്തിപ്പെടുത്തുന്നതിനുള്ള പരിഹാരബോധന പ്രക്രിയയും നിരന്തരം മൂല്യനിർണയ പ്രക്രിയയും നടത്തുക.
15. വൈ.ഐ.പി, ഇൻസ്പയർ അവാർഡുകൾക്കായി കുട്ടികളെ ഒരുക്കുക.
16. വിവിധ സ്കോളർഷിപ്പുകൾ കുട്ടികൾക്ക് ലഭ്യമാക്കുക.
17. സ്കൂൾ ലൈബ്രറിയുടെയും ക്ലാസ് ലൈബ്രറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുക.
18. എൻസിസി, സ്കൗട്ട് ആൻഡ് ഗൈഡ്, എസ്.പി.സി. എന്നിവയുടെ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ കൂടുതൽ മികവുകളിൽ എത്തിക്കുക.


19. പഠനത്തിൽ മുന്നോട്ട് നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസുകൾ നൽകി ഉന്നത വിജയത്തിന് പ്രാപ്തരാക്കുക.

20. പഠനയാത്രകൾ സംഘടിപ്പിക്കുക.

21. ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.



# വിഷയാനുസൃതമായ അക്കാദമിക് മാസ്റ്റർ പ്ലാൻ




മലയാളം

| മലയാളം വാർഷിക പദ്ധതി 2024-25 | | | | | |
|---|---|---|---|---|---|
| 1 | മേഖല | പ്രവർത്തനം | കാലയളവ് | നിർവഹണം | സാമ്പത്തികം |
| 2 | പാഠ്യാനുബന്ധം | പാഠഭാഗം പൂർത്തിയാക്കുക | ഫസ്റ്റ്, സെക്കൻഡ്, തേഡ് ടേം | മലയാളം അധ്യാപകർ | - |
| 3 | ദിനാചരണം | ജൂൺ 19 വായന ദിനം, ലൈബ്രറി സന്ദർശനം, ക്ലാസ് ലൈബ്രറി ഉദ്ഘാടനം, പുസ്തക പ്രദർശനം ക്വിസ് മൽസരം, കവിതാപാരായണ മൽസരം, അസ്വാദനകുറിപ്പ് മൽസരം | ജൂൺ 19 | മലയാളം അധ്യാപകർ | - |

| | | | | | |
|---|---|---|---|---|---|
| 4 | ഓർമ്മപ്പൂക്കൾ സാഹിത്യകാരന്മാരെ അറിയുക | ഓർമ്മദിനത്തിൽ സാഹിത്യകാരന്മാരെയും അവരുടെ കൃതികളെയും പരിചയപ്പെടുന്നു | ജൂൺ 19 മുതൽ ജനുവരി 30 | മലയാളം അധ്യാപകർ | അതിഥികളായി വരുന്നവർക്കുള്ള ചെലവുകൾ |
| 5 | കൈത്താങ്ങ് അക്ഷരവിരുന്ന് | പ്രധാന പരിഗണന: പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ കഴിവുകൾക്ക് അനുസൃതമായി, ക്ലാസ് തലത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. രക്ഷിതാക്കളുമായി: അവരുടെ രക്ഷിതാക്കളുമായി ഒരു ദിനം സമ്പർക്കം നടത്തുക. | വർഷം മുഴുവൻ | അതത് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 6 | മികവ്<br>അവതരണം | പഠനമികവുകൾ<br>മാസാന്ത്യത്തിൽ<br>പൊതു അവതരണം | വർഷത്തിൽ<br>രണ്ട് തവണ | അധ്യാപകരും<br>രക്ഷിതാക്കളും | |
| 7 | തനത്<br>പ്രവർത്തനങ്ങൾ<br>വർണ്ണങ്ങൾ<br>മാരിവില്ല് | ആകാശവാണി<br>നോട്ടീസ്<br>ബോർഡ്<br>പുസ്തകചർച്ച | അധ്യയന<br>വർഷം<br>മുഴുവൻ | അധ്യാപകർ | അതിഥികൾ<br>ക്കുള്ള ചിലവ് |
| 8 | പാഠ്യേതരപ്രവർത്തനം | പ്രമുഖ വ്യക്തിത്വങ്ങളുമായി<br>സംവദിക്കുക | ജൂലൈ | വിദ്യാരംഗം<br>ക്ലബ്ബ് | അതിഥികൾ<br>ക്കുള്ള ചിലവ് |
| 9 | സർഗോത്സവം | ശില്പശാല<br>കവിത<br>ചിത്രം<br>അഭിനയം<br>കഥ<br>നാടൻ പാട്ട് | ആഗസ്റ്റ് | വിദ്യാരംഗം | അതിഥികൾ<br>ക്കുള്ള ചിലവ് |
| 10 | സാഹിത്യ അഭിരുചി<br>വളർത്തുക | വിവിധ മേഖലകളിൽ<br>കഴിവുകൾ ഉള്ള<br>വ്യക്തികളോടൊപ്പം പുസ്തക<br>ആസ്വാദനം ചർച്ച | സെക്കൻഡ്<br>ടേം | വിദ്യാരംഗം | |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് വളർത്തുക | ഭാഷാ കേളികൾ, വ്യവഹാരരൂപങ്ങൾ അവതരിപ്പിക്കൽ | ജൂൺ – ഓഗസ്റ്റ് | മലയാളം അധ്യാപകർ | - |
| അക്ഷരജ്ഞാനം ഉറപ്പാക്കുക | എല്ലാ കുട്ടികൾക്കും അക്ഷരപരിശീലന പ്രവർത്തനങ്ങൾ | ജൂൺ – ഓഗസ്റ്റ് | മലയാളം അധ്യാപകർ | - |
| വായനാ കഴിവ് വർദ്ധിപ്പിക്കുക | പത്രം, മാസിക തുടങ്ങിയവയുടെ വായന, വാർത്തകളിൽ പ്രതികരിക്കൽ | ദിവസേന | മലയാളം അധ്യാപകർ | - |
| ശുദ്ധമായ ഭാഷാ ഉപയോഗം ഉറപ്പാക്കുക | വായിച്ച വാർത്തകളിൽ നിന്നുള്ള ചിന്താ പങ്ക്; ചൊല്ലുകൾ, പ്രയോഗങ്ങൾ ശുദ്ധമായി ഉപയോഗിക്കാൻ പരിശീലനം | ദിവസേന | മലയാളം അധ്യാപകർ | - |
| ഡിജിറ്റൽ സാഹിത്യപബ്ലിഷിംഗ് പരിചയപ്പെടുത്തുക | മൊബൈൽ ക്യാമറയിൽ വാർത്ത ചിത്രീകരണം, സ്കൂൾ ഗ്രൂപ്പിൽ ഷെയറിംഗ്, ഡിജിറ്റൽ പത്രം തയ്യാറാക്കൽ | ആഴ്ചതോറും / മാസംതോറും | മലയാളം അധ്യാപകൻ | - |
| മലയാളം കമ്പ്യൂട്ടിംഗിൽ അടിസ്ഥാനപരിജ്ഞാനം നൽകുക | മുഴുവൻ കുട്ടികളെയും കമ്പ്യൂട്ടിംഗിൽ പരിശീലിപ്പിക്കുന്നു | ഒരു വർഷം മുഴുവൻ | മലയാളം അധ്യാപകൻ | - |
| സാഹിത്യത്തിൽ അഭിനയം ദൃശ്യാവിഷ്കാരം ഉൾപ്പെടുത്തുക | പാഠഭാഗങ്ങളിലെ സന്ദർഭങ്ങൾ, ലഘുനാടകങ്ങൾ, കാഴ്ചകൾ എന്നിവയുടെ അവതരണം | ഒരു വർഷം മുഴുവൻ | മലയാളം അധ്യാപകൻ | - |


SPEAKING
LISTENING
ENGLISH
READING
LEARNING
WRITING

# ACADEMIC MASTER PLAN OF ENGLISH 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner story time<br>English Assembly | അവധിക്കാലം/ ശനിയാഴ്ചകൾ | PTA/ Teachers | PTA |
| 2 ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Cinema / Documentary/ profile/ Script തയ്യാറാക്കുന്നതിനുവേണ്ടി English സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | Class റൂം പ്രവർത്തനങ്ങളോടൊപ്പം | Teachers SRG | Eng Club |
| | Role play, English Day ആചരണം, Seminar, ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കൊറിയോഗ്രാഫി തയ്യാറാക്കി ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | English teachers | PTA<br>Eng. Club |
| | School English Voice , | | | Eng. Club |
| 3 സ്വതന്ത്ര വായനക്കും എഴുത്തിനും സജ്ജരാക്കുക. | അക്ഷര കാർഡ്, പദ കാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ. | Class റൂം പ്രവർത്തനങ്ങളോടൊപ്പം | PTA/SRG Teachers | |
| | ചിത്രവായന, ലഘു കഥ നിർമ്മാണം, Public Speaking , Simple Games, English പത്രവായന, പദ സമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി പത്രവായന | ക്ലാസ് റൂം പ്രവർത്തനങ്ങൾ / അസംബ്ലി | PTA Teachers | |
| | News Reading Competition<br>English Assembly, Skit , Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ ശനിയാഴ്ചകൾ, ക്യാമ്പ് | | PTA |
| 4.നാടകീകരണം. | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി puppet Show, Skit , കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | | PTA/SRG Teachers | Parents |

| | | | | |
|---|---|---|---|---|
| 5.കവിതാലാപനത്തിനും, കവിതാരചനക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം<br>കവിതാരചന, കവിതാലാപന മത്സരങ്ങൾ നടത്തുന്നു.<br>അസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുന്നു.<br>പ്രശസ്ത കവികളുമായുള്ള ആശയവിനിമയവും, സംവാദസാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം<br>Magazine നിർമ്മാണം. | ക്ലാസ് റൂം പ്രവർത്തനങ്ങൾ<br>അവധിക്കാലം/ ശനിയാഴ്ചകൾ | PTA/SRG Teachers | Eng Club<br>PTA |
| | പ്രശസ്ത എഴുത്തുകാർ, നിരൂപകർ , വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖം, വീഡിയോ conference എന്നിവ നടത്തുന്നു.<br>English fest , English സിനിമകൾ കാണാനുള്ള അവസരം | അവധിക്കാലം ( ഓണം, ക്രിസ്തുമസ്)<br>വർഷത്തിൽ ഒരു തവണ | Eng Teachers | PTA/SRG |
| 6.സാങ്കേതിക വിദ്യാ സാധ്യകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | Native speakers മായി സമയം ചിലവഴിക്കാൻ അവസരങ്ങൾ കണ്ടെത്തുന്നു.<br>ഇപ്പോൾ ജീവിച്ചിരിക്കുന്ന എഴുത്തുകാർ, കവികൾ ഇവരുമായി interact ചെയ്യുന്നു. | അവധിക്കാലം/ ശനിയാഴ്ചകൾ<br>വർഷത്തിൽ 2 പ്രാവശ്യം | PTA/SRG Teachers<br>Eng Club | PTA/Eng Club |
| 7.സംവാദ സദസുകൾ സംഘടിപ്പിക്കുക. | | | PTA/SRG Teachers | |

# ACADEMIC MASTER PLAN-ENGLISH (UP WING) 2025-26

| PROBLEMS | REMEDIAL ACTIVITIES | DURATION | BUDGET | AGENCY |
|---|---|---|---|---|
| Lack of communication skills | • Conducting English Fest<br>• Formation of English Club<br>• English Assembly<br>• Dramatization of stories and enacting them<br>• Reading newspaper, library books, book reviews etc. | 2025-'26 | Rs. 1000/ | PTA, Teachers, Students |
| Insufficient vocabulary & Writing skills | • Word Games<br>• Spelling Contests<br>• Making cross word puzzles<br>• Making word web, riddles etc.<br>• Preparing a class magazine including children's works<br>• Preparing and displaying sign boards, notices, posters in the campus | 2025-'26 | Rs. 1000/ | Teachers, Students |
| Defective sentence patterns | • Making sentence cards<br>• Using sentence cards in classrooms<br>• Correct sentence structures with ICT facilities | 2025 | Rs. 1500/ | HM, Teachers, Students |
| Addressing slow-pace learners | • TM and TLM addressing slow-pace learners<br>• Special coaching classes for slow-pace learners.<br>• Conducting action research on slow-pace learners | 2025-'26 | Rs. 1000/ | Teachers |


हिन्दी

# GVHSS MANANTHAVADY
# ACADEMIC MASTER PLAN 2025 – 26
# HINDI ( എച്ച് എസ് വിഭാഗം )

പൊതുവായ ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും , വായിക്കുവാനും , സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

* ഓരോ യൂണിറ്റിലേയും പഠനനേട്ടങ്ങൾ ലഭിച്ചുവെന്ന് ഉറപ്പിക്കുക.

* ഹിന്ദി ഭാഷാപഠനം ലളിതവും , രസകരവും , ആകർഷകവും ആക്കി മാറാറാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികളിൽ ഭാഷാ സ്നേഹവും , ദേശസ്നേഹവും വളർത്തിയെടുക്കുക.

* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുക.

എട്ടാം തരം

| ക്ര,നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1 | അക്ഷരങ്ങൾ , ചിഹ്നങ്ങൾ തുടങ്ങിയവ തിരിച്ചറിയാൻ പരിശീലനം. ഉച്ചാരണം പരിചയപ്പെടുത്തൽ.അക്ഷരങ്ങൾ എഴുതാനും , വായിക്കാനുമുള്ള പരിശീലനം | അക്ഷരമാല അടങ്ങിയ സചിത്ര കാർഡുകൾ നൽകുന്നു.അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ , വീഡിയോ സഹായത്തോടെ അക്ഷരങ്ങൾഊട്ടിയുറപ്പിക്കുന്നു. | ജൂൺ - സെപ്റ്റംബർ |
| 2 | ആഴ്ചയുടെ പേരുകൾ , അക്കങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു.<br>ഹിന്ദി അനായാസം എഴുതുവാനും , വായിക്കുവാനും പരിശീലനം. | ഓരോ കുട്ടികളുടേയും ജനന തിയതി ഹിന്ദിയിൽ എഴുതുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു.പ്രശ്നോത്തരി , കേട്ടെഴുത്ത് , പദസൂര്യൻ എന്നിവ നൽകുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ |
| 3 | വായനക്ക് കൂടുതൽ പ്രാധാന്യം.കാർട്ടൂൺ , ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാനുള്ള കഴിവ് | ചിത്രകഥകൾ , കാർട്ടൂണുകൾ , ചെറു കഥ എന്നിവ വായനക്കായി നൽകുന്നു. | സെപ്റ്റംബർ - ഫെബ്രുവരി |


ഒൻപതാം തരം

| ക്ര,നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1 | ഹിന്ദി എഴുതുവാനും , വായിക്കുവാനും പിന്നാക്കംനിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽപരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു.ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ - സെപ്റ്റംബർ |
| 2 | നാമം , സർവ്വനാമം , വിശേഷണം എന്നിവ കണ്ടെത്തുവാൻ പരിശീലനം | ചാർട്ടുകൾ നൽകുന്നു , അതിൽ നിന്നും നാമം , സർവ്വനാമം ,വിശേഷണം | ഓഗസ്റ്റ് - സെപ്റ്റംബർ |

| | | | |
|---|---|---|---|
| | നൽകുന്നു.വാക്യഘടന പരിചയപ്പെടുത്തുന്നു.ചെറിയ മുദ്രാവാക്യങ്ങൾ നിർമിക്കുന്നു. | എന്നിവ കണ്ടെത്തുന്നു.കവിത കഥ എന്നിവ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചന ബോർഡ് തയ്യാറാക്കി വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നു. | |
| 3 | പോസ്റ്റർ തയ്യാറാക്കാനുള്ള പരിശീലനം<br>കവിത വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കൽ | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾനൽകുന്നു. മൂല്യനിർണയം നടത്തി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.<br>ചെറിയ കവിതകൾ നൽകി ആസ്വാദന കുറിപ്പുകൾക്ലാസ്സിൾ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | സെപ്റ്റംബർ - ഫെബ്രുവരി |
| 4 | തിരക്കഥ തയ്യാറാക്കൽ | ചെറിയ നാടകങ്ങൾ , കഥകൾ എന്നിവ വായിച്ച്<br>തിരക്കഥ തയ്യാറാക്കി ക്ലാസ്സിൾ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ഒക്ടോബർ - ഫെബ്രുവരി |

പത്താം തരം

| ക്ര,നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1 | കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകഴുമായി ബന്ധപ്പെട്ട പ്രവർ ത്തനങ്ങൾ നടത്തുന്നു. | സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുന്നു.വേദിയിൽ നാടകം അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ജൂൺ - സെപ്റ്റംബർ |
| 2 | തിരക്കഥ തയ്യാറാക്കൽ | ചെറിയ നാടകങ്ങൾ , കഥകൾ എന്നിവ വായിച്ച്<br>തിരക്കഥ തയ്യാറാക്കി ക്ലാസ്സിൾ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ജൂലായ്- സെപ്റ്റം ബർ |
| 3 | ഡയറി തയ്യാറാക്കൽ | ചെറിയ ചെറിയ സംഭവങ്ങൾ നല്കി ഡയറി തയ്യാറാക്കാനുള്ള അവസരം നൽകുന്നു. | സെപ്റ്റംബർ - ഒക്ടോബർ |
| 4 | കത്ത് തയ്യാറാക്കൽ | ലോക തപാൽ ദിനത്തോടനുബന്ധിച്ച് " മിത്രത്തിനൊരു കത്ത് " തയ്യാറാക്കി പോസ്റ്റ് ചെയ്യുന്നു. | നവംബർ |



MATHEMATICS
$f(x)$
$ax^2 + bx + c = 0$
$y = mx + b$
3+3
π

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

**Learn Math, Live Math, Love Math**

**Vision**

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

**Mission**

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.

- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തന ങ്ങൾ സംയോജിപ്പിക്കുക.

- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാ ചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.


# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യജോഡികൾ, ബ്രിഡ്ജ്– ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൾഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department


# ഫിസിക്കൽ സയൻസ്



PHYSICS 2025-26

# വാർഷികാസൂത്രണ പ്ലാൻ

| മേഖല | പ്രവർത്തനം | കാലയളവ് | നിർവഹണം | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗം പൂർത്തിയാക്കുക | ചാന്ദ്രദിനം ക്വിസ്, പ്ലാനറ്റോറിയം ഫീൽഡ് ട്രിപ്പ്, പോസ്റ്റർ | ജൂലൈ 21-26 | ഫിസിക്കൽ സയൻസ് അദ്ധ്യാപകർ | |
| ഹിരോഷിമ-നാഗസാക്കി ദിനം | പോസ്റ്റർ, ക്വിസ് | ആഗസ്റ്റ് 6, 9 | സബ്ജക്ട് കൗൺസിൽ | |
| ഓസോൺ ദിനം | പോസ്റ്റർ സന്ദേശം | സെപ്റ്റംബർ 16 | സബ്ജക്ട് കൗൺസിൽ | |
| ടാലൻറ് സെർച്ച് | സയൻസ് ക്ലബ് ടാലന്റ് സെർച്ച് | ഒക്ടോബർ | സബ്ജക്ട് കൗൺസിൽ | |
| അന്താരാഷ്ട്ര ശാസ്ത്രദിനം | സെമിനാർ | നവംബർ 10 | സബ്ജക്ട് കൗൺസിൽ | |
| ഊർജ്ജ സംരക്ഷണ ദിനം | പോസ്റ്റർ, ഉപന്യാസം, ക്വിസ് | ഡിസംബർ 14 | സബ്ജക്ട് കൗൺസിൽ | |
| ദേശീയ ശാസ്ത്ര ദിനം | ശാസ്ത്രജ്ഞരെ കുറിച്ച് പ്രവർത്തനം | ഫെബ്രുവരി 28 | സബ്ജക്ട് കൗൺസിൽ | |
| കാലാവസ്ഥ ദിനം | ഉപന്യാസ രചന | മാർച്ച് 23 | സബ്ജക്ട് കൗൺസിൽ | |
| ദീർഘകാല പദ്ധതി | സയൻസ് പാർക്ക്, റേഡിയോ, ബോർഡ്, തിയേറ്റർ | ജൂൺ - മാർച്ച് | സബ്ജക്ട് കൗൺസിൽ | സ്കൂൾ ഗ്രാൻഡ് - ₹5000 |


BIOLOGY
BIOLOGY

# ജി വി എച്ച് എസ് എസ്  മാനന്തവാടി  2024-25


## അക്കാദമിക് മാസ്റ്റർ പ്ലാൻ(HS)  -      ബയോളജി

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആരോഗ്യം<br><br>ശുചിത്വം | മഴക്കാല ശുചീകരണം, -ഡ്രൈ ഡേ ആചരണം<br><br>മാലിന്യ സംസ്കരണം - പ്ലാസ്റ്റിക്, പേപ്പർ മാലിന്യങ്ങൾ  തരംതിരിച്ച് സംസ്കരിക്കൽ<br>പെൻ  ബൂത്തുകൾ<br>സ്ഥാപിക്കുക ,പ്ലാസ്റ്റിക് ഉപയോഗിച്ച ഗാർഡൻ | മെയ് അവസാനവാരം മുതൽ | എക്കോ ക്ലബ്, ഹെൽത്ത് ക്ലബ്, JRC,PTA,സന്നദ്ധ സംഘടനകൾ | PTA-  2000/- |
| 2 | ദിനാചരണം | പരിസ്ഥിതി ദിനം -വൃക്ഷതൈ നടൽ ,ക്വിസ് ,പോസ്റ്റർ നിർമാണം | ജൂൺ മാസം | Eco ക്ലബ്, ചാർജുള്ള അധ്യാപകർ | |
| 3 | കൗമാര വിദ്യാഭ്യാസം | - ടീൻസ് ക്ലബ്ബ് രൂപീകരണം<br><br>-ക്ലബ്ബിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുമായി ഒരു മഴ നടത്തം. | ജൂലൈ | ടീൻസ് ക്ലബ്ബ്,<br>നോഡൽ ടീച്ചർ | ടീൻസ് ഫണ്ട്- 500/- |
| 4 | ശാസ്ത്രമേള | സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിച്ച് ജീവശാസ്ത്രപരമായ വിഷയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. | ആഗസ്റ്റ് | സയൻസ് അധ്യാപകർ | ആക്ടിവിറ്റി ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 5 | ആരോഗ്യവും പോഷണവും | കൗമാരക്കാരുടെ ശാരീരിക സുസ്ഥിതിയെ പറ്റി ബോധവത്കരണ ക്ലാസ്സ് രക്ഷിതാക്കൾക്കും കുട്ടികൾക്കും നൽകുക | സെപ്റ്റംബർ | ടീൻസ് നോഡൽ ടീച്ചർ | ടീൻസ് ക്ലബ് ഫണ്ട്- 500/- |
| 6 | കാർഷികം | എട്ടാം ക്ലാസ്സിലെ കുട്ടികളിൽ കൃഷിയോടുള്ള താല്പര്യം വളർത്താനായി ഔഷധ സസ്യകൃഷി ,പൂന്തോട്ട നിർമാണം ഇവ നടത്തുന്നു .ഫീൽഡ് ട്രിപ്പ് | ഒക്ടോബർ മുതൽ | ബയോളജി ടീച്ചർ, കുട്ടികൾ | |
| 7 | ദിനാചരണം | രക്തദാന ദിനം - ഹെൽത്ത് സെന്ററുമായി ബന്ധപ്പെട്ട രക്തഗ്രൂപ് നിർണയ ക്യാമ്പ് നടത്തുന്നു | ഒക്ടോബർ | ബയോളജി ടീച്ചർ, ഹെൽത്ത് ക്ലബ് | |
| 8 | പ്രഥമ ശുശ്രൂഷ | പ്രഥമ ശുശ്രൂഷയെ പറ്റിയുള്ള ബോധവൽക്കരണ ക്ലാസ് അടുത്തുള്ള ഹെൽത്ത് സെന്റർ മായി ബന്ധപ്പെട്ട നൽകുന്നു. | നവംബർ | ബയോളജി ടീച്ചർ, ഹെൽത്ത് ക്ലബ്,ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | |
| 9 | ദിനാചരണം | ലോക പ്രമേഹ ദിനം -പ്രമേഹ രോഗികൾക്കുള്ള ഭക്ഷണക്രമത്തിന് അനുയോജ്യമായ ആരോഗ്യകരമായ ഭക്ഷണപ്ലേറ്റ് നിർമിക്കുക ,ബോധവൽക്കരണ ക്ലാസ് | നവംബർ 14 | ബയോളജി ടീച്ചർ, ഹെൽത്ത് ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| 10 | ലഹരി വിമുക്തി | ലഹരിവസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെ പറ്റിയുള്ള ബോധവൽക്കരണ ക്ലാസ് | നവംബർ | ടീൻസ് ക്ലബ് , ഹെൽത്ത് ക്ലബ് | |
| 11 | വ്യക്തി ശുചിത്വം | ടീൻസ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളോടനുബന്ധിച്ച ക്ലാസ് നൽകുന്നു | നവംബർ | ടീൻസ് ക്ലബ് , ഹെൽത്ത് ക്ലബ് | |
| 12 | ദിനാചരണം | എയ്ഡ്സ് ദിനം -പത്താം വിദ്യാർത്ഥികൾ എയ്ഡ്സ് ബോധവൽക്കരണ ക്ലാസ് എട്ടാം തരം വിദ്യാർത്ഥികൾക്കും ഒമ്പതാം തരം വിദ്യാർത്ഥികൾക്കും നൽകുന്നു | ഡിസംബർ 1 | ബയോളജി അധ്യാപകൻ, തിരഞ്ഞെടുത്ത പത്തിലെ വിദ്യാർത്ഥികൾ | |
| 13 | സാങ്കേതിക വിദ്യകളും സാധ്യതകളും അപകടങ്ങളും | ടീൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽക്ലാസ് നൽകുന്നു | ജനുവരി | ടീൻസ് നോഡൽ ടീച്ചർ | ടീൻസ് ഫണ്ട്- 500/- |

# സാമൂഹ്യശാസ്ത്രം


community
economics
social studies
civics
geography
history
citizenship
research
students
understanding
make
world
knowledge
society
skills
21st century
needed
diverse
people
military
starting
essential
provides
provide
citizens
sustaining
representatives
prepared
good
graduate
competitive
citizenry
democratic
new
preparing
problem solving
complexity
framework
group
interdependent
reasoned
emphasis
public
social
mind
opening
context
lay
cornerstone
disciplines
create
key
connections
business
systems
progress
vitally
studies
accomplished
collaboration
culturally
colorado's
doors
end
outline
environment
young
responsible
decisions
concepts
crucial
reasoning
critical thinking
important
able
interact
standards
humans
informed
know
self-assessment
education
strong
workforce
without
describe
time
vision
develop
innovative
offers
members
competencies
set
ability
use
investigation
help
ways
developed

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | നിർവഹണ ചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | ചെലവ് | സ്രോതസ് |
| 1. | പഠന വിടവ് കണ്ടെത്തി പരിഹാര ബോധനം നൽകൽ | വിവിധ മാർഗങ്ങളിലൂടെ പിന്നോക്ക കുട്ടികളെ കണ്ടെത്തുകയും പരിഹാര ബോധനം നൽകുകയും ചെയ്യുന്നു. | ജൂൺ ആദ്യവാരം | സോഷ്യൽ സയൻസ് അധ്യാപകർ | എസ് ആർ ജി | |
| 2 | ഒന്ന് മഴ പഠനം നടത്തുന്നതിനും കാലാവസ്ഥ വ്യതിയാനങ്ങൾ മനസ്സിലാക്കുന്നതിനും ഉള്ള ശേഷി വികസിപ്പിക്കൽ | 1.മഴ മാപിനി നിർമ്മാണം. ലളിതമായ രീതിയിൽ മഴ മാപിനി നിർമ്മിക്കാനുള്ള പരിശീലനം എല്ലാ കുട്ടികൾക്കും നൽകുന്നു. | ജൂൺ ആദ്യവാരം | സോഷ്യൽ സയൻസ് അധ്യാപകർ എസ് എസ് ക്ലബ്ബ് | 1000 | പി ടി എ |
| | | 2.മഴയളവ് നിർമ്മിച്ച് മഴ മാപിനി സ്കൂളിൽ സ്ഥാപിച്ച് മഴ അളന്ന് രേഖപ്പെടുത്തുന്നു | ജൂൺ മുതൽ നവംബർ വരെ | സോഷ്യൽ സയൻസ് അധ്യാപകർ എസ് എസ് ക്ലബ്ബ് | | |
| 3 | എല്ലാ കുട്ടികളിലും പത്രവായന ശീലം ഉറപ്പാക്കൽ | പത്രവാർത്ത ക്വിസ് എല്ലാ വെള്ളിയാഴ്ചയും ആഴ്ചയിലെ പത്രവാർത്തകളെ അടിസ്ഥാനമാക്കി ക്വിസ് മത്സരം ഉത്തരപ്പെട്ടിയിൽ നിക്ഷേപിക്കൽ | ജൂൺ മുതൽ ഡിസംബർ വരെ | സോഷ്യൽ സയൻസ് അധ്യാപകർ എസ് എസ് ക്ലബ്ബ് | 500 | പി ടി എ |
| 4 | എല്ലാ കുട്ടികളിലും അന്വേഷണ കൗതുകം ചരിത്രാവബോധം നിരീക്ഷണപാടവം തുടങ്ങിയ ശേഷികൾ വികസിപ്പിക്കൽ | പഠനയാത്രകൾ<br>1.എടക്കൽ ഗുഹ അമ്പലവയൽ മ്യൂസിയം<br>2 പഴശ്ശി കുടീരം മാനന്തവാടി<br>3.നഗരവനം | 2025 -26 അധ്യായന വർഷം | സോഷ്യൽ സയൻസ് അധ്യാപകർ എസ് എസ് ക്ലബ്ബ് എസ് എം സി പി ടി എ | 15000/- | പി ടി എ |

| | | | | | | |
|---|---|---|---|---|---|---|
| | | മാനന്തവാടി | | | | |
| 5 | ഭൂപട രചന ,ഭൂപട വിശകലന ശേഷി വളർത്തൽ | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം | ആഗസ്റ്റ് മാസം | സോഷ്യൽ സയൻസ് അധ്യാപകർ എസ് ആർ ജി | 1000 | പി ടി എ |
| 6 | കുട്ടികളിൽ സാമാന്യ നിയമങ്ങൾ അവകാശങ്ങൾ കടമകൾ തുടങ്ങിയവയെക്കുറിച്ച് ധാരണ രൂപീകരിക്കൽ | നിയമ പഠനം വക്കീലിന്റെ സഹായത്തോടെ സെമിനാർ സംഘടിപ്പിക്കൽ | ജനുവരി | സോഷ്യൽ സയൻസ് അധ്യാപകർ എസ് ആർ ജി | 2000 | പി ടി എ |
| 6 | എല്ലാ കുട്ടികളും സാമൂഹ്യശാസ്ത്ര ബോധം വളർത്തി നിലവാരം ഉയർത്തൽ | സോഷ്യൽ സയൻസ് ഫെസ്റ്റ് വിവിധ ക്ലാസുകളിലെ സോഷ്യൽ സയൻസ് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഉൽപ്പന്നങ്ങളുടെ പ്രദർശനം സ്റ്റിൽ, വർക്കിംഗ് മോഡലുകൾ, സ്റ്റാമ്പ് നിർണയം, കറൻസി ,മണ്ണ്, ശില , പതിപ്പ്, ശേഖരണങ്ങൾ, സ്കിറ്റ് അവതരണം | സെപ്റ്റംബർ ജനുവരി | സോഷ്യൽ സയൻസ് അധ്യാപകർ എസ് ആർ ജി പി ടി എ | 12000 | പി ടി എ |
| 7 | പൊതു ഇടം പൊതു സ്ഥാപനം എന്നിവയെ കുറിച്ച് ധാരണ വളർത്തൽ | പൊതുസ്ഥാപന സന്ദർശനം കൃഷിഭവൻ ഗവൺമെന്റ് ആശുപത്രി,വൃദ്ധസദന സന്ദർശനം | നവംബർ | സോഷ്യൽ സയൻസ് അധ്യാപകർ | 2000 | പി ടി എ |

# ആരോഗ്യ - കായികവിദ്യാഭ്യാസം



# ജീവിഎച്ച്എസ് എസ് മാനന്തവാടി

| വിഷയ കൺവീനറുടെ പേര് | | | ജെറിൽ സെബാസ്റ്റ്യൻ | | | |
|---|---|---|---|---|---|---|
| ആരോഗ്യകായിക വിദ്യാഭ്യാസം | പ്രവർത്തനം - 1 | **കായികക്ഷമതയും പരിശീലനവും** | | | | |
| | ലക്ഷ്യങ്ങൾ | **വിദ്യാലയത്തിലെ എല്ലാ കുട്ടികളെയും കായിക മേഖലയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവാൻമാരാക്കുക .**<br><br>**കായികക്ഷമതയിലൂടെ ശാരീരിക ക്ഷമത , മാനസിക വികാസം , വ്യക്തിശുചിത്വം , ആരോഗ്യശീലങ്ങൾ , പരസ്പര സഹകരണം , ലഹരിക്കെതിരെയുള്ള പ്രതിരോധം , തുടങ്ങിയ മേഖലകളിൽ ബോധവത്കരണം നൽകുക .** | | | | |
| *പ്രവർത്തനം* | *പ്രവർത്തന ഘട്ടങ്ങൾ* | *കാലയളവ്* | *സാമഗ്രികൾ* | *നിർവഹണ ചുമതല* | *പിന്തുണ* | *സാമ്പത്തികം* |
| കായികക്ഷമതയും പരിശീലനവും | *പ്രീ ടെസ്റ്റ് വിശകലനം<br><br>*കായികക്ഷമത കൈവരിക്കാനുള്ള വ്യായാമം , ഇവയുടെ ഗുണങ്ങൾ പരിചയപ്പെടുത്തുന്നു .<br><br>*കളിയുപകരണങ്ങൾ , കളിസ്ഥലം ഇവയുടെ സംരക്ഷണം ആവശ്യകത എന്നിവയെ കുറിച്ച് ബോധവാൻമാരാക്കുന്നു<br><br>*സ്കൂളിലെ വിവിധ കായിക ഇനങ്ങളിലെ പരിശീലന സൗകര്യവും നേട്ടങ്ങളെക്കുറിച്ചും പറഞ്ഞ് മനസ്സലാക്കി പരിശീലനം നൽകുന്നു<br><br>റസ്ലിംങ്ങ് , ക്രിക്കറ്റ് , ഫുട്ബോൾ , അത് ലറ്റിക്സ് എന്നിവയിൽ ആദ്യഘട്ടം എന്ന നിലയിൽ പരിശീലനം നൽകുന്നു . | ജൂൺ - ഡിസംബർ | സ്പോർട്സ് ഉപകരണങ്ങൾ | ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ | SRG | 25000 |

# കലാ വിദ്യാഭ്യാസം



കലാപഠനം ക്ലാസ്സ് 9 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GVHSS MANANTHAVADY- ടേം ഒന്ന്

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| ജൂൺ/ ജൂലായ് | 1. പ്രകൃതി | 1 | ദേശം,കല,ജീവിതം | ചിത്രകല | 2 | ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ പരമ്പരാഗത ഗോത്ര ചിത്രരചനാ ശൈലികൾ പരിചയപ്പെടുന്നു. |
| | | 2 | സംഗീതരൂപങ്ങളിലൂടെ | സംഗീതം | 2 | രൂപങ്ങളെ പരിചയപ്പെടുന്നു. |
| | | 3 | വേരുകൾകൊണ്ടു തൊടാം | നാടകം | 1 | തയ്യാറാക്കുന്നു. |
| | | 4 | കഥ,തിരക്കഥ,സംഭാഷണം | സിനിമ | 1 | തിരക്കഥ തയ്യാറാക്കുന്നു. |
| | | 5 | ആട്ടക്കളരി | നൃത്തം | 1 | ചാക്യാർക്കൂത്ത,നങ്ങ്യാർകൂത്ത് , കൂടിയാട്ടം എന്നിവയിലൂടെ അഭിനയരീതികൾ |
| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
| ആഗസ്റ്റ് | 2.വര,നിറം,ദേശം | 1 | പാട്ടറിവ് | സംഗീതം | 1 | കേരളത്തിലെ നാടൻപാട്ടുകളും അനുഷ്ഠാന |
| | | 2 | പകർപ്പെടുപ്പിന്റെ കല | ചിത്രകല | 1 | വിവിധതരം പ്രിന്റിംഗ് രീതികൾ പരിചയപ്പെടുന്നു. |
| | | 3 | സിനിമയൊരുക്കാം | സിനിമ | 1 | സിനിമാ ഷൂട്ടിംഗ് മുന്നൊരുക്കങ്ങൾ |
| | | 4 | പാഠത്തിലൂടെ നടക്കാം | നാടകം | 1 | ഒരു കഥ നാടകമായി അവതരിപ്പിക്കുന്നത് |
| | | 5 | താഴ്വരകളുടെ നൃത്തം | നൃത്തം | 1 | കൂടുതലായി |

**കലാപഠനം ക്ലാസ്സ് 9 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GVHSS MANANTHAVADY - ടേം രണ്ട്**

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| സെപ്തംബർ/ ഒക്ടോബർ | 3.ഭാവാനുഭവം | 1 | നിറങ്ങളും ഭാവങ്ങളും | ചിത്രകല | 2 | നിറങ്ങളും അവയുടെ ഭാവങ്ങളും |
| | | 2 | ഭാവഗാനങ്ങളിലൂടെ | സംഗീതം | 1 | തിരിച്ചറിയുന്നു. |
| | | 3 | ഇന്നിന്റെ നൃത്തം | നൃത്തം | 1 | ആശയങ്ങൾ അവതരിപ്പിക്കുന്ന ആധുനിക നൃത്തരീതികൾ |
| | | 4 | ലെൻസിന്റെ കല | സിനിമ | 1 | നിർമ്മാണം ,ഷൂട്ടിംഗിലെ വിവിധ ഷോട്ടുകൾ എന്നിവ മനസിലാക്കുന്നു. |
| | | 5 | ബിഹൈൻഡ് ദി മാസ്ക് | നാടകം | 2 | മാസ്ക് നിർമ്മാണം, മാസ്ക് ഉപയോഗിച്ച് |
| **മാസം** | **യൂണിറ്റ്** | | **പ്രവർത്തനം** | **മേഖല** | **പിരീഡ്** | **പഠനലക്ഷ്യങ്ങൾ** |
| നവംബർ/ ഡിസംബർ | 4.പ്രയോഗപാഠങ്ങൾ | 1 | ഓർക്കസ്ട്ര | സംഗീതം | 2 | ഓർക്കസ്ട്ര എന്താണെന്ന് കൂടുതലായി അറിയുന്നു. |
| | | 2 | രൂപകൽപ്പന | ചിത്രകല | 1 | രീതികൾ പരിച.പ്പെടുന്നു |
| | | 3 | നൃത്തസംവിധാനം | നൃത്തം | 1 | നൃത്തസംവിധാനവും സംവിധായകരെയും |
| | | 4 | ചിത്രസംയോജനം | സിനിമ | 1 | സിനിമയിലെ എഡിറ്റിംഗ് രീതികൾ മനസിലാക്കുന്നു. |
| | | 5 | രംഗബോധ്യം | നാടകം | 2 | നാടകത്തിലെ ക്രൗൺ,ജോക്കർ,സൂത്രധാര |

**കലാപഠനം ക്ലാസ്സ് 9 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GVHSS MANANTHAVADY - ടേം മൂന്ന്**

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ജനുവരി | 5.രംഗഭൂമി | 1 | പൊതുയിടങ്ങളിലെ കലാവിസ്മയങ്ങൾ | ചിത്രകല | 1 | ശിൽപ്പകലയേയും ശിൽപ്പികളെയും |
| | | 2 | അഭിനയ സംഗീതം | നൃത്തം | 1 | നാടോടി നൃത്തരൂപങ്ങൾ എന്നിവയിലെ പാട്ടിന്റെ പ്രത്യേകതകൾ |
| | | 3 | നിൽക്കാനൊരു തറ പിന്നിലൊരു മറ | നാടകം | 1 | രംഗം,രംഗപശ്ചാത്തലം എന്നിവ മനസിലാക്കുന്നു. |
| | | 4 | പകർന്നാടാം | നൃത്തം | 1 | കഥകളി, കൂടിയാട്ടം എന്നിവയിലെ പകർന്നാട്ടം |
| | | 5 | ദൃശ്യം,കാഴ്ച,അനുഭവം | സിനിമ | 1 | സിനിമ ആസ്വാദനം, ചർച്ച എന്നിവയിലൂടെ സിനിമയെ |
| **മാസം** | **യൂണിറ്റ്** | | **പ്രവർത്തനം** | **മേഖല** | **ഡ്** | **പഠനലക്ഷ്യങ്ങൾ** |
| ഫെബ്രുവരി/ മാർച്ച് | 6.സർഗജാലകം | 1 | ശബ്ദവീചികൾ | സംഗീതം | 1 | റെക്കോർഡ് ചെയ്യുന്നത്, കരോക്കെയിലൂടെ പാടുന്നത് എന്നിവ |
| | | 2 | സമൂഹം, കാഴ്ച, ആശയം | ചിത്രകല | 1 | ചിത്രകലയിലെ രചനാശൈലികൾ, |
| | | 3 | വെള്ളിത്തിര | സിനിമ | 1 | സിനിമാനിർമ്മാണത്തിലെ സാങ്കേതിക വശങ്ങൾ |
| | | 4 | അരങ്ങൊളി | നൃത്തം | 1 | മനസിലാക്കുന്നു. |
| | | 5 | ഈ സമയവും കടന്നുപോകും | നാടകം | 1 | നാടകത്തിന്റെ വിവധ ഘട്ടങ്ങൾ മനസിലാക്കുന്നു. |

**കലാപഠനം ക്ലാസ്സ് 8 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GVHSS MANANTHAVADY - ടേം ഒന്ന്**

| **മാസം** | **യൂണിറ്റ്** | | **പ്രവർത്തനം** | **മേഖല** | **പിരീ ഡ്** | **പഠനലക്ഷ്യങ്ങൾ** |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ജൂൺ/ ജൂലായ് | 1.കലാലോകം | 1 | സ്ഥായിയും കാലവും | സംഗീതം | 2 | ഏറ്റക്കുറച്ചിലുകളെക്കുറിച്ച് ധാരണ നേടുന്നു. സംഗീതത്തിൽ ഇതിന്റെ |
| | | 2 | കാണുന്ന കണ്ണും കാണപ്പെയുന്ന ലോകവും | ചിത്രകല | 2 | ആർജ്ജിക്കുക 2.കാഴ്ചകൾ ചിത്രീകരിക്കുന്നതിനുള്ള സങ്കേതങ്ങൾ |
| | | 3 | പാട്ടും പറച്ചിലും | നാടകം | 2 | ശബ്ദത്തിന്റെ ഏറ്റക്കുറച്ചിൽ ശബ്ദനിയന്ത്രണം എന്നിവ |
| | | 4 | ഒരു ദൃശ്യകഥയൊരുക്കാം | സിനിമ | 2 | ആശയത്തെ കഥയാക്കി രൂപപ്പെടുത്താൻ കഴിയുന്നു. 2.ഒരു കഥയിൽ നിന്ന് തിരക്കഥ |
| | | 5 | ഫ്ലാഷ് മോബ് | നൃത്തം | 2 | ഫ്ലാഷ്മോബ് എന്താണെന്നും എങ്ങനെയാണെന്നും |

## കലാപഠനം ക്ലാസ്സ് 8 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GVHSS MANANTHAVADY - ടേം ഒന്ന്

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| പ്റ്റംബർ | 2. [illegible] | 1 | മണ്ണൊരുക്കാം മനസൊരുക്കാം | ചിത്രകല | | ശിൽപ്പകല /ശിൽപ്പനിർമ്മാണത്തിലെ വിവിധ സങ്കേതങ്ങൾ വിവിധ മാധ്യമങ്ങൾ നിർമ്മാണ രീതികൾ |
| | | 2 | ജനപ്രിയനൃത്തങ്ങൾ | നൃത്തം | | വിവധങ്ങളായ ആധുനിക നൃത്തരൂപങ്ങളെ |
| | | 3 | ചമയപ്പെട്ടി | നാടകം | | രീതികളെപറ്റിയും പാശ്ചാത്യ പൗരസ്ത്യ നാടകങ്ങളെക്കുറിച്ചും |

| | | | | | | |
|---|---|---|---|---|---|---|
| ഓഗസ്റ്റ് /ഒ | 2.ചമയം | 4 | നാട്ടീണം | സംഗീതം | | അനുഷ്ഠാന പാട്ടുകളെപ്പറ്റിയും അതിനുപയോഗിക്കുന്ന ഉപകരണങ്ങളെപ്പറ്റിയും |
| | | 5 | ശേഷം ഭാവം സ്ക്രീനിൽ | സിനിമ | | പ്രത്യേകതകൾ തിരിച്ചറിഞ്ഞ് അഭിനയം ആവിഷ്കരിക്കാൻ സാധിക്കുന്നു.<br><br>2.സിനിമയുടെ |

**കലാപഠനം ക്ലാസ്സ് 8 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GVHSS MANANTHAVADY- ടേം രണ്ട്**

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| ോബർ/നവംബർ | 3.നിറതാളങ്ങൾ | 1 | താളമേളം | സംഗീതം | | ഉപയോഗിക്കുന്ന താളങ്ങളെപ്പറ്റിയും അതിന്റെ |
| | | 2 | നിഴലും വെളിച്ചവും | ചിത്രകല | | വെളിച്ചത്തിനുള്ള പ്രാധാന്യം മനസ്സിലാക്കുന്നു.<br><br>2.വെളിച്ചത്തിന്റെ ഏറ്റക്കുറച്ചിലിനനുസരിച്ച് |
| | | 3 | കളിയിലെ കാര്യം | നാടകം | | കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതും ഭാവാത്മകമായി കാഥാപാത്രങ്ങളെ |

| | | | | | | |
|---|---|---|---|---|---|---|
| ഒക്ടോ | | 4 | ചരിത്രം ഒപ്പിയെടുക്കുമ്പോൾ | സിനിമ | | സാങ്കേതികത മനസ്സിലാക്കാൻ കഴിയുന്നു.<br>2.വിവിധതരം ലെൻസുകളുടെ ആവശ്യകത തിരിച്ചറിയാൻ |
| | | 5 | സംഘനൃത്തം | നൃത്തം | | [illegible] നൃത്തരൂപങ്ങളെ പരിചയപ്പെടുന്നു. |

**കലാപഠനം ക്ലാസ്സ് 8 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GVHSS MANANTHAVADY- ടേം രണ്ട്**

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| ഡിസംബർ | 4.സങ്കേതങ്ങൾ | 1 | ലോഗോയുടെ ലോകം | ചിത്രകല | | ലോഗോകളെക്കുറിച്ചും അവയുടെ ആവശ്യകതയെക്കറിച്ചും |
| | | 2 | നീയെങ്ങനെ മരമാകും | നാടകം | | പാരിസ്ഥിതിക നാടകങ്ങളുടെ |
| | | 3 | ഭരതനാട്യം | നൃത്തം | | മുദ്രകളെപറ്റിയും ഭരതനാട്യം എന്ന നൃത്തരൂപത്തെപറ്റിയും |
| | | 4 | Do Ri Mi Fa So La Si | സംഗീതം | | സ്വരങ്ങളും അവയുടെ പേരുകളും ചിഹ്നങ്ങളും സ്വരസ്ഥാനങ്ങളും |
| | | 5 | ഒന്നിനോട് മറ്റൊന്ന് | സിനിമ | | 1.ദൃശ്യങ്ങൾ എഡിറ്റ് ചെയ്യുന്നതിന്റെ സാങ്കേതിരവിദ്യ മനസ്സിലാക്കുന്നു.<br>2.വിവിധതരം ഷോട്ടുകൾ യോജിപ്പിക്കുമ്പോഴുള്ള അർത്ഥതലം |

**കലാപഠനം ക്ലാസ്സ് 8 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GVHSS MANANTHAVADY - ടേം മൂന്ന്**

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| ജനുവരി/ ഫെബ്രുവരി | 5.അകവും പുറവും | 1 | സ്വരരാഗം | സംഗീതം | | 12 സ്വരസ്ഥാനങ്ങൾ, രാഗങ്ങൾ, എന്നിവ പരിചിതഗാനങ്ങളിലൂടെ |
| | | 2 | പുറത്തെ രൂപവും അകത്തെ ഭാവവും | ചിത്രകല | | ചലനാത്മകത.യും സ്വഭാവികതയും സൃഷ്ടിക്കുന്നതിന് വ്യത്യസ്ത സങ്കേതങ്ങൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു. |
| | | 3 | ഒന്നിനോടൊന്ന് ചേർന്ന് | നാടകം | | സംഘമായി ആവിഷ്കാരം നടത്തുമ്പോൾ സംഘർഷം കൂട്ടിച്ചേർത്ത് കഥ മുന്നോട്ടുകൊണ്ടുപോകുന്ന തെങ്ങനെയെന്ന് |
| | | 4 | കൈരളി നൃത്തം | നൃത്തം | | ശാസ്ത്രീയ നൃത്തരൂപമായ മോഹിനിയാട്ടത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നു. |
| | | 5 | സിനിമാകൊട്ടക | സിനിമ | | [illegible] സാധ്യമാക്കുന്നു. 2.ഫിലിം സൊസൈറ്റികൾ പരിചയപ്പെടുന്നു 3.ചലച്ചിത്രമേളകൾ പരിചയപ്പെടുന്നു. |

**കലാപഠനം ക്ലാസ്സ് 8 -അക്കാദമിക് മാസ്റ്റർ പ്ലാൻ (ക്ലാസ് തലം) GVHSS MANANTHAVADY - ടേം മൂന്ന്**

| മാസം | യൂണിറ്റ് | | പ്രവർത്തനം | മേഖല | പിരീഡ് | പഠനലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| | | 1 | ചിത്രത്തിലെ ചിത്രം | ചിത്രകല | | രീതികളെക്കുറിച്ച് മനസ്സിലാക്കുന്നു. 2.വിവിധ കോമ്പോസിഷൻ |

| | | | | | | |
|---|---|---|---|---|---|---|
| മാർച്ച് | 6.ബിംബങ്ങളും പ്രതിബിംബങ്ങളും | 2 | വെളിച്ചത്തിനെന്തൊരു വെളിച്ചം | നാടകം | | വെളിച്ചത്തിന്റെയും വർണ്ണവെളിച്ചങ്ങളുടെയും ഉപയോഗവും പ്രാധാന്യവും |
| | | 3 | ഹിന്ദുസ്ഥാനി സംഗീതം | സംഗീതം | | സംഗീതത്തിലെ സ്വരങ്ങൽ അവയുടെ പേരുകൾ , സംഗീതവിഭഗങ്ങൽ, |
| | | 4 | വടക്കുകിഴക്കൻ വർണനൃത്തങ്ങൾ | നൃത്തം | | ഇന്ത്യയിലെ വടക്കുകിഴക്കൻ |
| | | 5 | സ്വനം | സിനിമ | | ദൃശ്യങ്ങളിലെ ശബ്ദങ്ങളെയും സംഭാഷണങ്ങളെ യും തിരിച്ചറിയുന്നു. 2.സിനിമാ നിർമ്മാണത്തിലെ ഡബ്ബിംഗ് |

# തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

മാനന്തവാടി ജി.വി.എച്ച്.എസ്.എസിലെ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ വിഭാഗം 2025–26 അധ്യയന വർഷത്തെ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി യു.പി., എച്ച്.എസ് വിഭാഗങ്ങളിലുള്ള കുട്ടികൾക്കായി വിവിധ മേഖലകളെ ഉൾപ്പെടുത്തി രൂപകൽപ്പന ചെയ്തിട്ടുള്ള അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കുകയാണ്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. **ആരോഗ്യ സംരക്ഷണ ബോധവത്കരണം:** പച്ചക്കറി കൃഷിയിലൂടെ കുട്ടികൾക്ക് വിഷരഹിതമായ ഭക്ഷണശീലം വളർത്തിക്കൊടുക്കുകയും ആരോഗ്യ സംരക്ഷണത്തിന് നിർണായകമായ പങ്ക് വഹിക്കുകയുമാണ് ലക്ഷ്യം.

2. **തൊഴിലോടും തൊഴിലാളികളോടും ആദരവ് വളർത്തൽ:** കുട്ടികളിൽ തൊഴിൽ ചെയ്യുന്നവരുടെ സ്വത്വം മനസ്സിലാക്കുകയും അവരുടെ ജീവിതവിശ്വാസത്തിൽ മാറ്റം വരുത്തുകയും ചെയ്യുന്നു.

3. **തൊഴിൽ അഭിരുചിയും താല്പര്യവും വളർത്തുക:** ജോലി ചെയ്യാൻ താൽപര്യമുള്ള, ധൈര്യമായ, ഉത്തരവാദിത്തമുള്ള പുതിയ തലമുറയെ രൂപപ്പെടുത്താൻ ഈ പദ്ധതികൾ സഹായിക്കുന്നു.

4. **ആത്മപര്യാപ്തതയ്ക്കുള്ള ചുവടു:** കുട്ടികൾക്ക് സാമ്പത്തികമായി സ്വയംപര്യാപ്തരാകാൻ പ്രചോദനം നൽകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

5. **മാനസിക ഉല്ലാസം പകരുന്ന പഠനാനുഭവം:** ക്ലാസ്റൂം പഠനത്തിനൊപ്പം ഉല്ലാസപരമായ രീതിയിലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിലൂടെ കുട്ടികളുടെ മാനസിക ആരോഗ്യം, ആവിഷ്കാര ശേഷി എന്നിവ വികസിപ്പിക്കുന്നു.

6. **നിരന്തര പ്രവർത്തനം വഴി വളർച്ച:** സ്ഥിരമായ ക്രിയാത്മക പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിലൂടെ അവർക്ക് ഉത്തരവാദിത്തബോധവും ആചരണശുദ്ധിയും വളർത്തിക്കൊടുക്കുന്നു.



| ക്രമ. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക | ലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|
| 1 | പൂക്കൃഷി | പൂക്കളുടെ കൃഷി ചെയ്യൽ | ജൂലൈ 2025 – ഒക്ടോബർ 2025 | ഹെഡ്മാസ്റ്റർ, പി.ടി.എ, വർക്ക് എജുക്കേഷൻ അധ്യാപകൻ | ₹6000 | തൊഴിൽ താല്പര്യം, മാനസിക ഉല്ലാസം, സ്വയംപര്യാപ്തത കൈവരിക്കാനുള്ള ആഗ്രഹം വളർത്തുക |
| 2 | പച്ചക്കറി കൃഷി | വിഷമയമില്ലാത്ത പച്ചക്കറി കൃഷി | ഓഗസ്റ്റ് 2025 – നവംബർ 2025 | ഹെഡ്മാസ്റ്റർ, പി.ടി.എ, വർക്ക് എജുക്കേഷൻ അധ്യാപകൻ | ₹5000 | ആരോഗ്യ സംരക്ഷണം, ശുചിത്വപൂർണ്ണ ഭക്ഷണശീലങ്ങൾ വളർത്തുക |
| 3 | അലങ്കാര തയ്യൽ | വസ്ത്രം അലങ്കരിക്കുന്നതിനുള്ള പരിശീലനം | ജൂലൈ 2025 – ഡിസംബർ 2025 | പി.ടി.എ, വർക്ക് എജുക്കേഷൻ അധ്യാപകൻ | ₹3000 | വിദ്യാർത്ഥികളുടെ കലാബോധം വളർത്തുക, വ്യത്യസ്ത അലങ്കാര രീതികൾ പരിചയപ്പെടുത്തുക |
| 4 | ജ്വല്ലറി മേക്കിംഗ് | വിവിധതരം ആഭരണങ്ങളുടെ നിർമ്മാണം | സെപ്റ്റംബർ 2025 – ജനുവരി 2026 | ഹെഡ്മാസ്റ്റർ, പി.ടി.എ, വർക്ക് എജുക്കേഷൻ അധ്യാപകൻ | ₹5000 | സ്വയം ആഭരണങ്ങൾ നിർമ്മിക്കാൻ പ്രചോദനം, കലാബോധം, സാമ്പത്തിക ബോധം, നിർമാണ താൽപര്യം |
| 5 | സ്റ്റേഷനറി നിർമ്മാണം | ഓഫീസിൽ ഉപയോഗിക്കുന്ന സ്റ്റേഷനറി വസ്തുക്കളുടെ നിർമ്മാണം | സെപ്റ്റംബർ 2025 – ഫെബ്രുവരി 2026 | വർക്ക് എജുക്കേഷൻ അധ്യാപകൻ | ₹10000 | സ്റ്റേഷനറി നിർമ്മാണ പരിചയം, സ്വയം നിർമിക്കാനുള്ള കഴിവ്, പ്രവർത്തനം ഗണിതവുമായി ബന്ധിപ്പിക്കൽ, നിർമാണ കഴിവ് വളർത്തൽ |

# ഉപസംഹാരം

2025–26 അധ്യയന വർഷത്തേയ്ക്ക് ജി.വി.എച്ച്.എസ്.എസ്. മാനന്തവാടിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ സമഗ്രവികസനത്തെ ലക്ഷ്യമിട്ട് ആസൂത്രണം ചെയ്തിരിക്കുന്നു. പഠനം, കായികം, സാംസ്കാരികം, തൊഴിൽശീലങ്ങൾ, സാമൂഹിക ബോധവത്കരണം, സാങ്കേതികപരിചയം തുടങ്ങിയ വിവിധ മേഖലകളിലേക്കും കുട്ടികളെ നിർദേശിക്കുന്ന പദ്ധതിരേഖയാണിത്|

വിദ്യാർത്ഥികളിൽ അറിവിനൊപ്പം ഉത്തരവാദിത്തബോധവും ജീവിതസിദ്ധതയും വളർത്തുക എന്നതാണ് എല്ലാ പദ്ധതികൾക്കും പിന്നിലുള്ള പ്രധാനലക്ഷ്യം. അധ്യാപകരുടെയും പി.ടി.എയുടെയും മറ്റ് ഹിതപരിശോധകരുടെയും സഹകരണത്തോടെ, ഈ പദ്ധതി വർഷം മുഴുവൻ ഫലപ്രദമായി നടപ്പാക്കാനാണ് നമ്മുടെ സംയുക്തചിന്തയും ശ്രമവും.

ഈ മാസ്റ്റർ പ്ലാൻ വളർച്ചയുടെ വഴികാട്ടിയായി പ്രവർത്തിക്കട്ടെ. നവീകരിച്ച സമീപനങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസാനുഭവം നൽകാനും, 2025–26 അധ്യയന വർഷം നിർണായകമായ വളർച്ചയുടെ ആധാരമാകാനും സാധിക്കട്ടെ എന്ന ആത്മാർത്ഥമായ പ്രതീക്ഷയോടെ ഉപസംഹരിക്കുന്നു.

